DESPATCHED On. 24/2/2020

31/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**ഹർജി നമ്പർ AP.No. 2949(5)/18/SIC**

തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

**File No. 14920/SIC-G7/2018**

സന്നിഹിത

**ശ്രീമതി ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. മഹേഷ് വിജയൻ,**
**ആറ്റുവായിൽ ഹൗസ്,**
**എസ്.എച്ച് മൗണ്ട് പി.ഒ.,**
**കോട്ടയം – 686 006.** } **അപ്പീൽ ഹർജിക്കാരൻ**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
**ഗവൺമെന്റ് ഹൈസ്കൂൾ പട്ടാമ്പി,**
**പാലക്കാട് – 679 303.**

**അപ്പീൽ അധികാരി &**
**ജില്ലാ വിദ്യാഭ്യാസ ഓഫീസർ,**
**ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയം,**
**ഒറ്റപ്പാലം, പാലക്കാട്.** } **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 14.01.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 14.02.2018 |
| ഒന്നാം അപ്പീൽ | 19.09.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 05.10.2018 |
| രണ്ടാം അപ്പീൽ | 19.12.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 07.05.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കോട്ടയം. |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നു |

1. അപ്പീൽ ഹർജിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ ആവശ്യപ്പെട്ടത്, പട്ടാമ്പി ഗവ: ഹൈസ്കൂളിലെ വിദ്യാർത്ഥി കൾക്കായി യൂണിഫോം വാങ്ങിയതുമായി ബന്ധപ്പെട്ട വിവരങ്ങളും പകർപ്പുകളുമാണ്.

2. പ്രസ്തുത വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ തൃപ്തനാകാതിരുന്ന അപ്പീൽ ഹർജിക്കാരൻ ഒന്നാം അപ്പീൽ സമർപ്പിച്ചു. ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിഷയത്തിൽ വ്യക്തവും വിശദവുമായ റിപ്പോർട്ട് നൽകുവാൻ

എസ്.പി.ഐ.ഒ ക്ക് നിർദ്ദേശം നൽകികൊണ്ടും, യൂണിഫോം ക്രമക്കേട് സംബന്ധിച്ച് വ്യക്തവും വിശദവുമായ റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രധാനാദ്ധ്യാപകന് നിർദ്ദേശം നൽകിക്കൊണ്ടും ഒന്നാം അപ്പീൽ തീർപ്പാക്കി. ഒന്നാം അപ്പീൽ അധികാരി ഉത്തരവ് നൽകിയിട്ടും എസ്.പി.ഐ.ഒ. വിവരം ലഭ്യമാക്കിയിട്ടില്ല എന്നും, നിശ്ചിത കാലയളവിൽ വിവരം നൽകാത്തതിനാൽ ആവശ്യമായ എല്ലാ വിവരങ്ങളും സൗജന്യമായി ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണം എന്നും, വിവരം നൽകുന്നതിൽ വീഴ്ച വരുത്തിയ എസ്.പി.ഐ.ഒ.യ്ക്കെതിരെ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു.

3. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയ്ക്ക് ഹാജരായ അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, അപ്പീൽ അധികാരിയുടെ ഉത്തരവ് ഉണ്ടായിട്ടും ഒന്നാം എതിർകക്ഷി മറുപടി നൽകി യിട്ടില്ല എന്നും പട്ടാമ്പി സ്കൂളിൽ യൂണിഫോം വിതരണം ചെയ്തതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷയ്ക്ക് അപേക്ഷാ കാലയളവിലെ എസ്.പി.ഐ.ഒ.യും അതിന് ശേഷം വന്ന എസ്.പി.ഐ.ഒ. യും വിവരം നിഷേധിച്ചു എന്നും പ്രസ്തുത സ്കൂളിൽ നൽകുന്ന ഒരു വിവരാ വകാശ അപേക്ഷയ്ക്കും മറുപടി നൽകുന്നില്ല എന്നുമാണ്.

4. നേർ വിചാരണയ്ക്ക് ഹാജരായ ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ അറിയിച്ചത്, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകി എന്നാണ്.

5. അപ്പീൽ ഹർജിയും മറ്റ് അനുബന്ധ രേഖകളും പരിശോധിക്കുമ്പോൾ, ടിയാൻ ആവശ്യപ്പെട്ട വിവരം പൂർണ്ണമായി ലഭ്യമായിട്ടില്ല എന്നും അപ്പീൽ ഹർജിക്കാരന്റെ പരാതി ഇപ്പോഴും നിലനിൽക്കുന്നതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ അപ്പീൽ ഹർജി ക്കാരന്റെ മേപ്പടി വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തവും കൃത്യവുമായ മറുപടി നൽകുവാൻ ഒന്നാം എതിർകക്ഷി ബാദ്ധ്യസ്ഥനാണ്. അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ ഒരി ക്കൽ കൂടി പരിശോധിച്ച് ഈ ഉത്തരവ് കിട്ടി 7 ദിവസത്തിനുള്ളിൽ വ്യക്തവും കത്യവുമായ മറുപടിയും ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകളും സൗജന്യമായി ഒന്നാം എതിർകക്ഷി അയച്ചു നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി യഥാസമയം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

6. അപ്പീൽ അധികാരിയുടെ ഉത്തരവ് ഉണ്ടായിട്ടും വിവരം ലഭ്യമായിട്ടില്ല എന്ന അപ്പീൽ ഹർജിക്കാരന്റെ മൊഴി കമ്മീഷൻ ഗൗരവത്തിൽ എടുക്കുന്നു. ഒന്നാം എതിർകക്ഷിയുടെ ഈ നടപടി വിവരാവകാശ നിയമപ്രകാരം ഗുരുതരമായ വീഴ്ചയായി കമ്മീഷൻ വിലയിരുത്തുന്നു. 05.10.2018 ലെ അപ്പീൽ അധികാരിയുടെ നിർദ്ദേശപ്രകാരം വിവരം നൽകാതിരുന്ന മേൽ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താൽക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി

സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽ കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

7. ഇപ്രകാരം ഈ അപ്പീൽ ഹർജി **ഇന്നേദിവസം 2020 ജനുവരി മാസം 31 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

RIGHT TO INFORMAT